● ഉമ്മു ഫാത്വിമ

# സഹധർമിണിയെ അറിയാൻ

**സീനത്ത്** ബിരുദധാരിയാണ്. അറിവും പക്വതയും വിവേകവുമുള്ളവരാണ്. നല്ല പ്രസംഗക. അഞ്ച് മക്കളുടെ മാതാവ്. മക്കളെ നന്നായി വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നു.

വിവാഹം കഴിയുമ്പോൾ അവൾക്ക് പ്രായം ഇരുപതിൽ താഴെ. പത്താം ക്ലാസ് വിദ്യാഭ്യാസം. പക്ഷേ, തന്റെ ജീവിതസഖി അറിവും പക്വതയുമുള്ളവളാവണം, സമൂഹത്തിന് വഴികാട്ടിയാവണം എന്ന് അവരുടെ സഹയാത്രികൻ ആഗ്രഹിച്ചു. അടുക്കളച്ചുമരുകൾക്കുള്ളിൽ ഒതുങ്ങാനിരുന്ന അവളെ അദ്ദേഹം കൈപിടിച്ചുയർത്തി ആത്മവിശ്വാസം പകർന്നു. പ്രതിബദ്ധതയുള്ള, സദ്ഗുണ സമ്പന്നയായ സാമൂഹിക പ്രവർത്തകയായി അവൾ മാറി.

ഹഫ്സക്ക് കഴിവും വിദ്യാഭ്യാസ യോഗ്യതകളുമുണ്ട്. നന്നായി ക്ലാസ്സെടുക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നു. വിവാഹം കഴിഞ്ഞതോടെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും കൂടി. നാലു മക്കളായി. പ്രിയതമൻ സജീവ ഇസ്‌ലാമിക പ്രവർത്തകൻ. പറഞ്ഞിട്ടെന്ത്, വീട്ടിൽ നിസ്സാര കാര്യങ്ങൾക്കു വരെ കുറ്റപ്പെടുത്തലുകൾ. 'ഹഫ്സാ' എന്ന വിളികേട്ടാൽ 'എന്തിനായിരിക്കും വിളിച്ചത്' എന്നൊരു ഉൾഭയത്തോടെ മാത്രമേ അവൾക്ക് വിളികേൾക്കാൻ കഴിയുന്നുള്ളൂ. കുട്ടികളുടെ മുന്നിൽ വെച്ചാണെങ്കിലും അവളെ കൊച്ചാക്കുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ സംസാരം. എന്തിനും തർക്കുത്തരം പറയുന്ന മക്കൾ. ഉത്തരവാദിത്വങ്ങൾ അവൾക്ക് ഭാരമായി. അവൾ തന്നിലേക്ക് ഒതുങ്ങിക്കൂടി. പേരിൽ മാത്രം ചിലപ്പോൾ ക്ലാസ്സുകളിൽ പങ്കെടുക്കുന്നു.



സ്ത്രീ കുടുംബത്തിന്റെ വിളക്കാണ്. എണ്ണകൊടുത്ത് തുടച്ചുമിനുക്കിയാൽ അത് പ്രകാശം പരത്തും. തട്ടിമറിച്ചാൽ അണഞ്ഞുപോവും. അല്ലെങ്കിൽ ആളിക്കത്തും. സ്നേഹവും വിട്ടുവീഴ്ചയും വിശ്വാസവുമാണ് ആ വിളക്കിന്റെ പ്രകാശം നിലനിർത്തുന്നത്.

ഒരു പെൺകുട്ടി പക്വത നേടുന്നതിന് മുമ്പാണ് വിവാഹജീവിതത്തിലേക്ക് കാലെടുത്ത് വെക്കുന്നത്. അവൾക്ക് ധാരാളം പരിമിതികളുണ്ടാവും. ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളുമായി ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന പെൺകുട്ടിക്ക് തികച്ചും വ്യത്യസ്തമായ പുതിയ ചുറ്റുപാടുമായി ഇണങ്ങിച്ചേരേണ്ടതുണ്ട്.

തുടക്കത്തിൽ കുഴപ്പമില്ലാതെ അവൾ അഡ്ജസ്റ്റ് ചെയ്യുന്നു. ഒന്നോ രണ്ടോ കുട്ടികളാവുന്നതോടെ ഉത്തരവാദിത്വങ്ങൾ കൂടിവരുന്നു. ഈ ഘട്ടത്തിൽ, തന്റെ പ്രയാസങ്ങളും പരിമിതികളും മനസ്സിലാക്കുന്നവനാണ് സഹയാത്രികനെങ്കിൽ അവൾക്ക് ആത്മവിശ്വാസവും കരുത്തും ലഭിക്കുന്നു. നിസ്സാര കാര്യങ്ങൾക്ക് വഴക്കും കുറ്റപ്പെടുത്തലുമാണ് അനുഭവമെങ്കിൽ അവളിലെ വ്യക്തിത്വം അടിച്ചമർത്തപ്പെടുന്നു. ഇതവളിൽ അനാവശ്യമായ ഭീതിയും ഉത്കണ്ഠയുമുണ്ടാക്കുന്നു. അവളിലെ സ്നേഹം വെറും ഉത്തരവാദിത്വങ്ങളുടെ നിർവഹണം മാത്രമായി മാറുന്നു.

പുരുഷനും സ്ത്രീയും ശരീരഘടനയിലും മാനസികാവസ്ഥയിലും വലിയ വ്യത്യാസമുണ്ട്. വ്യത്യസ്ത ധർമങ്ങൾ നിർവഹിക്കാൻ പാകത്തിലാണ് അല്ലാഹു ഇരുവരെയും സൃഷ്ടിച്ചിരിക്കുന്നത്. രണ്ടു കൂട്ടർക്കും അവരവരുടേതായ വിഷമങ്ങൾ ഉണ്ട്.

ഭാരിച്ച ജോലിയും ഉത്തരവാദിത്വങ്ങളും പുരുഷന്റെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ വർധിപ്പിക്കുന്നുണ്ട്. തന്റെ ഇണ ആ പ്രയാസങ്ങൾ കണ്ടറിഞ്ഞ് തന്നെ ആശ്വസിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. ഈയൊരു മനോഭാവം തിരിച്ചങ്ങോട്ടും ഉണ്ടാവണം. അവളുടെ പ്രയാസങ്ങൾ അദ്ദേഹവും മനസ്സിലാക്കണം.

സാധാരണ പുരുഷന്മാർക്ക് ഒരു പറച്ചിലുണ്ട്: 'നിങ്ങൾക്കെന്താ വീട്ടിൽ പണി, ഇത്തിരി വെച്ച് വിളമ്പണം, വീട് വൃത്തിയാക്കണം, കുട്ടികളെ നോക്കണം, കഴിഞ്ഞില്ലേ' കഴിഞ്ഞു. പക്ഷേ പുരുഷൻ ഗൗരവമായെടുക്കാത്ത ഒരുപാട് പ്രയാസങ്ങൾ അവൾ അനുഭവിക്കുന്നുണ്ട്. ഒരു സ്ത്രീക്ക് ആർത്തവം, ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങി പ്രയാസകരമേറിയ നിരവധി ഘട്ടങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. 77.4 ശതമാനം സ്ത്രീകളും

ആർത്തവകാലത്ത് വേദനയും അസ്വസ്ഥതയും അനുഭവിക്കുന്നവരാണ്. ഈ സമയത്ത് പലപ്പോഴും അവൾ കൂടുതലായി ദേഷ്യപ്പെടും. ചെയ്യുന്ന ജോലിയിൽ ഏകാഗ്രത ലഭിക്കില്ല. എല്ലാ മാസവും ഇത്തരമൊരവസ്ഥയിലൂടെ അവൾക്ക് കടന്നുപോകേണ്ടതുണ്ട്. ഗർഭകാലം, പ്രസവം, മുലയൂട്ടൽ തുടങ്ങിയ സന്ദർഭങ്ങളിലും ശാരീരികവും മാനസികവുമായ ആരോഗ്യം നോർമൽ ആയിരിക്കുകയില്ല. സ്വഭാവത്തിലും സ്ത്രീസഹജമായ ചില ന്യൂനതകളുണ്ട്. ഈ സന്ദർഭത്തിൽ ഭർത്താവിന്റെ എല്ലാ കാര്യവും ഒരു പിഴവും വരുത്താതെ അവൾ നോക്കി നടത്തണമെന്ന് ശഠിക്കാമോ?

ഭർത്താവിൽനിന്ന് 'ചീത്ത' കേൾക്കേണ്ടിവരുന്ന സ്ത്രീ ധൃതിപ്പെട്ട് തന്റെ ജോലികൾ നന്നായി ചെയ്തുതീർക്കാൻ ശ്രമിക്കുന്നതിനിടക്ക്, പ്രിയതമനോടും കുട്ടികളോടും സ്നേഹം പങ്കുവെക്കാൻ മറന്നുപോവുന്നു. ഭർത്താവിനെ ഒരുൾഭയത്തോടെ മാത്രം സമീപിക്കേണ്ടിവരുന്ന അവൾക്ക്, സ്നേഹത്തിന്റെ ഭാഷയിൽ സ്വതന്ത്ര ആശയവിനിമയം സാധിക്കാതെ വരുന്നു.

ഒരു ദിവസം തേച്ച ഷർട്ടില്ലാതെ വരുമ്പോൾ 'ഇന്ന് ഷർട്ട് കാണുന്നില്ലല്ലോ, എന്തു പറ്റി' എന്ന സൗമ്യമായ ഒരു ചോദ്യം തന്നെ മതി, 'ഓ ഇന്നലെത്തന്നെ ഷർട്ട് തേച്ചില്ല, ഇന്നിനി വേഗം റെഡിയാക്കണം' എന്ന ജാഗ്രത അവളുടെ മനസ്സിൽ വരാൻ. നേരെമറിച്ച് ദേഷ്യപ്പെട്ട് കടുത്ത വാക്കുകളാണ് കേൾക്കേണ്ടിവരുന്നതെങ്കിൽ, ആ ജോലി അവളറിയാതെ അവളുടെ മനസ്സിൽ ഒരു ഭാരമായി മാറുന്നു.

ഭൂരിപക്ഷം പുരുഷന്മാരും ജോലിയിൽ ടെൻഷനും പ്രയാസങ്ങളും അനുഭവിക്കുന്നവരാണ്. ഇതിനിടയിൽ പ്രതീക്ഷിക്കുന്ന സ്നേഹവും പരിഗണനയും വീട്ടിൽ കിട്ടാതെ വരുമ്പോൾ ദേഷ്യപ്പെടുക സ്വാഭാവികം. പക്ഷേ, ദേഷ്യപ്പെട്ട് അതുമിതും പറഞ്ഞതുകൊണ്ട് ഒന്നിനും പരിഹാരമാവില്ലല്ലോ.

കുടുംബത്തിനു വേണ്ടി എത്ര പണവും അധ്വാനവും ചെലവഴിക്കുന്നുണ്ടെങ്കിലും സ്നേഹം തുറന്നു പ്രകടിപ്പിച്ചില്ലെങ്കിൽ, അത് തിരിച്ചറിയപ്പെടാതെ പോവും. ഭയാശങ്കകളില്ലാത്ത മനസ്സിൽ നിന്നേ യഥാർഥ സ്നേഹം പുറത്തുവരൂ.

തന്നെ സ്നേഹിക്കുന്നില്ല, നോക്കുന്നില്ല എന്ന കാരണം പറഞ്ഞ് ഉമ്മയെ ബാപ്പ മൊഴിചൊല്ലി. പോവുമ്പോൾ ഉമ്മ മക്കളോട് പറഞ്ഞു. 'മക്കളേ, ബാപ്പക്കുള്ള കോഴിമുട്ട പത്തായത്തിൽ പാത്ത് വെച്ചിട്ടുണ്ട്. എടുത്ത് പുഴുങ്ങിക്കൊടുക്കണേ'. നല്ലകാലങ്ങളിൽ പരസ്പരം പ്രകടിപ്പിക്കാതെ പോവുന്ന സ്നേഹം ജീവിതസായാഹ്നത്തിൽ കുടുംബ വഴക്കുകൾക്ക് വഴിയൊരുക്കുന്നു. ചില പുരുഷന്മാർ മറ്റൊരു വിവാഹത്തെ കുറിച്ചു വരെ ചിന്തിക്കുന്നു. ഒരു പെണ്ണിനെത്തന്നെ നീതിപൂർവം പോറ്റാൻ കഴിയാത്തവൻ മറ്റൊരു സ്ത്രീയോട് എങ്ങനെ നീതിപുലർത്തും?

കൂടുമ്പോൾ ഇമ്പമുണ്ടാക്കുന്നതാണ് കുടുംബം. അവിടെ 'ഭാര്യ'യെയും 'ഭർത്താവി'നെയും അല്ലാഹു നിശ്ചയിച്ചിട്ടില്ല. അല്ലാഹു പറയുന്നു: "അവൻ നിങ്ങൾക്ക് സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും, അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തിനുകരാൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു" (*അർറൂം* 21).

പരസ്പര സ്നേഹവും വിട്ടുവീഴ്ചയും വിശ്വാസവുമാണ് ദമ്പതികൾക്കിടയിലുണ്ടാവേണ്ടത്. ഇതുണ്ടാവണമെങ്കിൽ പരസ്പരം തിരിച്ചറിവുണ്ടാവണം.

ഒരു വ്യക്തിയുടെ സ്വഭാവം രൂപപ്പെടുത്തുന്നത് അവൻ/ അവൾ വളർന്നു വന്ന ജീവിതചുറ്റുപാടുകൾ കൂടിയായിരിക്കും. അതിൽ ഗുണവും ദോഷവും ഉണ്ടാവും. പരസ്പരം കുറ്റപ്പെടുത്തുന്നതിനു പകരം, കാര്യങ്ങൾ തുറന്ന് ചർച്ച ചെയ്യുകയും തമ്മിൽ മനസ്സിലാക്കാൻ ദമ്പതികൾ ശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ ആരോഗ്യമുള്ള കുടുംബം വളർന്നുവരൂ.

ഭർത്താവിനെ അനുസരിക്കണമെന്നും അദ്ദേഹം ഇഷ്ടപ്പെടാത്ത കാര്യങ്ങളിലേർപ്പെടരുതെന്നും സ്ത്രീയെ ഇസ്‌ലാം ഉപദേശിക്കുന്നു. തന്നെ 'തന്റെ സഹധർമിണിയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് നിങ്ങളിൽ ഏറ്റം ഉത്തമൻ' എന്ന് പ്രവാചകൻ പഠിപ്പിക്കുകയും ചെയ്തു.

അമിതമായ ഉത്തരവാദിത്വബോധം, ഉത്കണ്ഠ, നിയന്ത്രണവിധേയമാവാത്ത കോപം, ആത്മവിശ്വാസമില്ലായ്മ, ഭാര്യ തന്റേതു മാത്രമാണെന്ന അമിത ചിന്ത തുടങ്ങി പല കാരണങ്ങൾ കൊണ്ടും സഹധർമിണിയെ ഒതുക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത്തരക്കാർ തങ്ങളുടെ ബലഹീനത സ്വയം മനസ്സിലാക്കുകയും മാറ്റിയെടുക്കാൻ ശ്രമിക്കുകയും വേണം. എങ്കിൽ മാത്രമേ നല്ല മാതാവിനെയും ആത്മവിശ്വാസവും വിവേകവുമുള്ള സഹധർമിണിയെയും ഉണ്ടാക്കിയെടുക്കാൻ കഴിയൂ. ■